**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4774

26.06.2019 - ൽ മറുപടിക്ക്.

# കേരള ചിക്കൻ പദ്ധതി

**ചോദ്യം**
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

**മറുപടി**
ശ്രീ. എ.സി.മൊയ്തീൻ
(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) കേരള ചിക്കൻ പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) കേരള ചിക്കൻ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ച് കമ്പനിയുടെ നേതൃത്വത്തിൽ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിനായി വെണ്ടർമാരെ തിരഞ്ഞെടുത്തു. ജർമ്മനി, ഹോളണ്ട് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്ന് അതിനൂതന മെഷിനറികൾ ഇറക്കുമതി ചെയ്യുന്നതിനുള്ള ഐ.ഇ.സി (ഇമ്പോർട്ട് എക്സ്പോർട്ട് കോഡ്)ലഭ്യമാക്കി, കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. പദ്ധതിക്ക് ആവശ്യമായിട്ടുള്ള ബ്രീഡർഫാം, അബറ്റോയർ, റെൻഡറിങ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന റീജിയണൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ സ്ഥലം ഏറ്റെടുക്കുകയും പാലക്കാട്, കോഴിക്കോട് ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) എത്ര കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിലാണ് ഇതിനായുള്ള ചിക്കൻ ഫാമുകൾ പ്രവർത്തിക്കുന്നത്; | (ബി) നിലവിൽ സംസ്ഥാനവ്യാപകമായി 549 കുടുംബശ്രീ ബ്രോയിലർ ഫാം യൂണിറ്റുകളാണ് പ്രവർത്തിക്കുന്നത്. |
| (സി) സംസ്ഥാനത്തെ കോഴി കർഷകരെയും ഉപഭോക്താക്കളെയും അന്യ സംസ്ഥാന ലോബി ചൂഷണം ചെയ്യുന്നത് തടയുന്നതിന് ഈ പദ്ധതി സഹായകമാകുമെന്ന് വിലയിരുത്തുന്നുണ്ടോ? | (സി) ഉണ്ട്; ബ്രോയിലർ കോഴിക്കുഞ്ഞുങ്ങൾ, തീറ്റ തുടങ്ങി ബ്രോയിലർ ഉല്പാദനത്തിന് ആവശ്യമായ മുഴുവൻ അസംസ്കൃത വസ്തുക്കളും സംസ്ഥാനത്തിനകത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിനാൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഉല്പാദനവും വിപണനവും നടത്തുന്നതിന് കുടുംബശ്രീ കേരള ചിക്കൻ പദ്ധതിക്ക് സാധിക്കും. മുഴുവൻ കർഷകരെയും ഉൾപ്പെടുത്തി പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചതിനാൽ ഓരോ ഘട്ടത്തിലെയും ലാഭം കർഷകർക്ക് തന്നെ ലഭ്യമാക്കാനും മറ്റ് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാനും സാധിക്കും. പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന വിധത്തിൽ വരുന്ന 5 വർഷം കൊണ്ട് ആകെ ആഭ്യന്തരവിപണിയുടെ 50% കുടുംബശ്രീ കേരള ചിക്കൻ പദ്ധതിയിലൂടെ വിപണനം ചെയ്യാൻ തുടങ്ങുന്നതോടെ അന്യസംസസ്ഥാന ലോബികളുടെ ചൂഷണത്തിൽ നിന്നും കോഴി കർഷകരും ഉപഭോക്താക്കളും പൂർണ്ണമായും മുക്തമാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ